# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5447 — 25/10/2011 ന് മറുപടിയ്ക്ക്

## വയനാട് ജില്ലയിലെ യു.ഡി.സി/വില്ലേജ് ആഫീസർ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. ജമീലാ പ്രകാശം | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ യു.ഡി.സി., വില്ലേജ് ആഫീസർ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; | (എ) | വയനാട് ജില്ലയിൽ യു.ഡി.സി., വില്ലേജ് ആഫീസർ തസ്തികകളിൽ ഒഴിവുകൾ നിലവിലില്ല. |
| (ബി) | ജില്ലയിലെ വില്ലേജ് അസിസ്റ്റന്റ് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചോ; ലിസ്റ്റ് മേശപ്പുറത്തുവയ്ക്കുമോ; | (ബി) | 10/09/1984 ൽ റവന്യൂ വില്ലേജ് സംയോജനം നിലവിൽ വന്നതിനു ശേഷം വില്ലേജ് അസിസ്റ്റന്റ്മാരുടെ മാത്രമായി സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാറില്ല. റവന്യൂ വില്ലേജ് സംയോജനത്തോടെ വില്ലേജ് അസിസ്റ്റന്റ് തസ്തികയും എൽ.ഡി.സി. തസ്തികയും ഏകീകരിച്ചു. എൽ.ഡി.സി./വില്ലേജ് അസിസ്റ്റന്റ്മാരെ ഉൾപ്പെടുത്തി സംയുക്ത സീനിയോറിറ്റി ലിസ്റ്റാണ് പ്രസിദ്ധീകരിക്കുന്നത്. കൂടാതെ, 8/03/1993 ലെ ജി.ഒ.(പി)123/93/ആർ.ഡി ഉത്തരവ് പ്രകാരം റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിലെ എല്ലാ തസ്തികകളിലേയും നിയമനം സംസ്ഥാന അടിസ്ഥാനത്തിലാക്കിയതിനാൽ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റാണ് എൽ.ഡി.സി./വില്ലേജ് അസിസ്റ്റന്റ് തസ്തികയിൽ പ്രസിദ്ധീകരിക്കുന്നത്. ആയതിനാൽ വയനാട് ജില്ലയിലേയ്ക്ക് മാത്രമായി വില്ലേജ് അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. |
| (സി) | ജില്ലയിലെ യു.ഡി.സി., വില്ലേജ് ആഫീസർ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഒഴിവുകൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ.